ഒരു ഏക്കർ വീതം വിസ്തീർണ്ണമുള്ള 28 പ്ലോട്ടുകളും 17500 സ്കയർ ഫീറ്റ് വീതം വിസ്തീർണ്ണമുള്ള മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളും കിൻഫ്ര സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ട റിയിൽ സ്റ്റാർ ക്ലോത്തിംഗ്സ് (സിറ്റിമാൻ) എന്ന കമ്പനി റെഡിമെയ്ഡ് വസ്ത്ര വ്യവസായം തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗക ര്യങ്ങൾ സജ്ജമാക്കിക്കഴിഞ്ഞു. എല്ലാ ഇൻഡസ്ട്രിയൽ പ്ലോട്ടുകളിലും റെഡി മെയ്ഡ് വ്യവസായങ്ങൾ ആരംഭിച്ചു കഴിയുമ്പോൾ 15000 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) തുമ്പ-മേനംകുളത്തെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി മാത്രം 1572 ലക്ഷം രൂപയാണ് കിൻഫ്രയുടെ പദ്ധതിചെലവ്. അപ്പാരൽ പാർക്ക് മറ്റെങ്ങും സ്ഥാപിക്കാൻ തൽക്കാലം പരിപാടി ഇല്ല.

(ഇ) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുമ്പോൾ ഏകദേശം 95% തൊഴിൽ ലഭിക്കുന്നത് വനിത കൾക്കായിരിക്കും.

(എഫ്) വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനു വേണ്ടി വസ്ത്രനിർമ്മാണം, ഇലക്ട്രോണിക്സ് തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി വ്യവസായ സംരംഭകർക്ക് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര സജ്ജമാക്കി നൽകിവരുന്നു.

കൂടാതെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ 1998-99-ൽ സംസ്ഥാനത്ത് 1121 വനിതാ വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ 5331 വനിതകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. 1999-2000 സാമ്പത്തിക വർഷത്തിൽ 2000 ജനുവരി വരെ 993 വനിതാ വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 4569 വനിതകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 11827 വനിതാ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ എല്ലാം കൂടി ഏകദേശം 5208 സ്ത്രീകൾക്ക് തൊഴിൽ നൽകുന്നുണ്ട്.

കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

27 (*586) ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും വർഷ ങ്ങളായി തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക ഫയലുകളിൽ തീർപ്പുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) അതിന്റെ ഫലമായി ഇതിനകം എത്ര ഫയലുകൾ തീർപ്പുണ്ടാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് ആഫീസുകളിലും തീർപ്പുണ്ടാകാതെ അവശേഷിക്കുന്ന ഫയലുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്യൂട്ട് സെല്ലുകളുടെ രൂപവൽക്കരണം ഇപ്പോൾ ഏതുഘട്ടത്തിലെന്നു വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്പോൾ സ്യൂട്ട് സെല്ലുകൾ പ്രവർത്തിച്ചുവരുന്നതെന്നു വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്തുള്ള സ്യൂട്ട് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സ്വീകരിച്ചു.

(ബി) 1997 ഫെബ്രുവരി മാസത്തിൽ ലാന്റ് റവന്യൂ അഡീഷണൽ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ ലാന്റ് റവന്യൂ കമ്മിഷണർ ആഫീസിൽ കൂടിയ യോഗത്തിൽ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ആഫീസുകളിലും താലൂക്ക് ആഫീസുകളിലും വളരെ കാലമായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളിൽ എത്രയും പെട്ടെന്ന് തീർപ്പുണ്ടാക്കാൻ തീരുമാനമുണ്ടായി. പ്രസ്തുത യോഗത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പാക്കൽ പുരോഗതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ മാസവും തീർപ്പാക്കൽ പുരോഗതി റിപ്പോർട്ടുകൾ ലാന്റ് റവന്യൂ കമ്മിഷണർ ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുവാൻ ബന്ധപ്പെട്ട ഓഫീസർമാരോട് നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് ബന്ധപ്പെട്ട ഓഫീസർമാർ അയച്ചുകൊടുക്കുന്ന തീർപ്പാക്കൽ പുരോഗതി റിപ്പോർട്ടുകൾ ഏകീകരിക്കുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനായി ലാന്റ് റവന്യൂ കമ്മിഷണർ ഓഫീസിൽ വർഷത്തിലൊരിക്കൽ ഡെപ്യൂട്ടി കളക്ടർമാർ, റവന്യൂ ഡിവിഷണൽ ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ എന്നിവരുടെ കോൺഫറൻസ് നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റുകളിൽ കൂടുന്ന കോൺഫറൻസുകളിൽ ഓരോ മാസത്തേയും ഫയൽ തീർപ്പാക്കാൻ പുരോഗതി റിപ്പോർട്ടുകൾ അവലോകനം ചെയ്യുകയും വളരെക്കാലമായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ 1997 മുതൽ 1999 വരെയുള്ള കാലയളവിൽ ഉദ്ദേശം 3,05,934 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റവന്യൂ വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി ലാന്റ് റവന്യൂ കമ്മിഷണറുടെ ഓഫീസിലും എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സ്യൂട്ട് സെക്ഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ലാന്റ് റവന്യൂ കമ്മിഷണറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും ഓരോ സ്യൂട്ട് സെക്ഷനുകൾ പ്രവർത്തിച്ചുവരുന്നു.

(ജി) സ്യൂട്ട് സെക്ഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഡെപ്യൂട്ടി കളക്ടർ ലാന്റ് അക്വിസിഷനെ സ്യൂട്ട് സെക്ഷന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

2. സ്യൂട്ട് സെക്ഷൻ ചെയ്യേണ്ട നടപടികളെക്കുറിച്ച് വേണ്ട മാർഗ്ഗനിർദ്ദേശം (രൂപരേഖ) കമ്മിഷണറേറ്റിൽ നിന്നും എല്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

3. കൂടാതെ വളരെ വിശദമായ ഒരു സർക്കുലർ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർമാർക്കും അയച്ചിട്ടുണ്ട്.

4. ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസ് അഡ്വക്കേറ്റ് ജനറൽ ഓഫീസുപോലെ ക്രമീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. എൽ.എ.ആർ., റവന്യൂ റിക്കവറി എന്നിവയിലുള്ള ഒ.പി., ഒ.എസ്. കേസ്സുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിന് വിവിധ കോടതികളുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. അവയിലുള്ള പുരോഗതി അവലോകനം ചെയ്തുവരുന്നു.

പഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ

28 (*587) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഇൻഫർമേഷൻ സെന്ററുകൾ തുറക്കുവാനും ജനങ്ങൾക്ക് സൗജന്യനിരക്കിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാർത്താവിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഇ-മെയിലുകളയയ്ക്കാനും സംവിധാനമേർപ്പെടുത്തുമോ;

(ബി) പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തികകളിൽ സാങ്കേതിക യോഗ്യതകളും ഓഡിറ്റിംഗ് യോഗ്യതകളുമുള്ള എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ;

(സി) വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സാങ്കേതിക യോഗ്യതയുള്ളവരുടെ സാങ്കേതിക പരിജ്ഞാനം ഉപയുക്തമാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ തുറക്കുന്നതിനുള്ള പൊതുവായ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്തുകൾ തീരുമാനിക്കുന്നപക്ഷം ഈ പരിപാടി നടപ്പാക്കാവുന്നതാണ്.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly